Draft #3 of File 16672/CE .SECT 'SECTION S.O./2019/CE .SECT Approved by ASSISTANT REGISTRAR II (ACADEMIC) on 10-Jan-2020 02:59 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

അക്കാദമികം-സർവ്വകലാശാല ബിരുദാനന്തര ബിരുദ പരീക്ഷകൾക്ക് ഗ്രേസ് ഗ്രേഡ് പോയിന്റ് വിതരണം/പുനർവിതരണം- സോഫ്റ്റ്‌വെയർ പരിഷ്കരിക്കുന്ന മുറയ്ക്ക് വിഷയം പരിഗണിക്കുവാൻ സിൻഡിക്കേറ്റ് തീരുമാനം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 8 സെക്ഷൻ**

നമ്പർ. 147/AC A 8/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 10.01.2020

---

പരാമർശം:-1) 13.06.2018-ലെ 4789/എസിഎ VIII /01/2018 നമ്പർ സർവകലാശാലാ ഉത്തരവ്.
2) 22.06.2018-ലെ 5046/എസിഎ VIII/01/2018 നമ്പർ സർവകലാശാലാ ഉത്തരവ്.
3) സർവ്വകലാശാല സ്റ്റുഡന്റ്സ് യൂണിയൻ ചെയർമാൻ ശ്രീ നിഖിൽ എസ് നായർ 08.05.2019-ൽ സമർപ്പിച്ച അപേക്ഷ
4) 18.06.2019-ലെ 2709/AC A 8/2019/എം.ജി.യു നമ്പർ സർവകലാശാലാ ഉത്തരവ്.
5) 16.11.2019-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം 69/19.10/DDFS-16672/2019.

**ഉത്തരവ്**

ബിരുദ/ബിരുദാനന്തര ബിരുദ കോഴ്സുകളുടെ അവസാന സെമസ്റ്റർ പരീക്ഷയ്ക്ക് ശേഷം ഗ്രേസ് മാർക്കുകൾ വിതരണം ചെയ്യുകയാണെങ്കിൽ വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രയോജനപ്പെടുമെന്ന് കരുതുന്നതിനാൽ പ്രസ്തുത രീതിയിൽ ഗ്രേസ് മാർക്ക് വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ ചെയർമാൻ ശ്രീ. നിഖിൽ എസ്. നായർ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരുന്നു.

പ്രൊഫഷണൽ കോഴ്സുകളല്ലാത്ത ബിരുദ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികളുടെ അവസാന സെമസ്റ്റർ പരീക്ഷാ ഫലം പ്രഖ്യാപിച്ച ശേഷവും വിജയിക്കാത്ത വിഷയങ്ങളുണ്ടെങ്കിൽ അവ വിജയിക്കുന്നതിനായി സെമസ്റ്റർ നിബന്ധനയില്ലാതെ ഗ്രേസ് മാർക്ക് പുനഃവിതരണം ചെയ്ത് നൽകുന്നതിന് തീരുമാനിച്ചുകൊണ്ട് പരാമർശം (1),(2) പ്രകാരം സർവകലാശാലാ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ഈ ആനുകൂല്യം 2016-19 ബാച്ച് വിദ്യാർത്ഥികൾക്കും അനുവദിച്ചുകൊണ്ട് പരാമർശം(4) സർവകലാശാലാ ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ ഗ്രേസ് ഗ്രേഡ് പോയിന്റ് മേൽപ്പറഞ്ഞ രീതിയിൽ പുനർവിതരണം നടത്തുന്നതിന് തീരുമാനിച്ചിട്ടില്ലാത്തതിനാൽ വിഷയം പരിഗണിക്കുന്നതിനായി സിൻഡിക്കേറ്റ് മുമ്പാകെ സമർപ്പിച്ചു.

16.11.2019 ൽ ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം, 'Software updation നടത്തുന്ന മുറയ്ക്ക് ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ഗ്രേസ് ഗ്രേഡ് പോയിന്റ് പുനർവിതരണം ചെയ്ത് നൽകുന്ന വിഷയം പരിഗണിക്കുന്നതിന് പരാമർശം (5) പ്രകാരം തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) ശ്രീ നിഖിൽ എസ് നായർ, ചെയർമാൻ , മഹാത്മാഗാന്ധി സർവകലാശാല യൂണിയൻ.
2) വൈസ് ചാൻസലറുടെ/ പ്രോ വൈസ് ചാൻസലറുടെ പി.എസ്
3) രജിസ്ട്രാറുടെ/പരീക്ഷ കൺട്രോളറുടെ പി.എ.
4) എ.ആർ/ ഡി.ആർ/ ജെ.ആർ(അക്കാദമിക്/ പരീക്ഷ).
5) സിസ്റ്റം അഡ്മിനിസ്ട്രേറ്റർ/ CETEX
6) കണ്ടന്റ് മാനേജ്മെന്റ് സെൽ
7) എസി.സി I സെക്ഷൻ.
8) കരുതൽ ഫയൽ/ ഫയൽ പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 16672/CE 'SECTION S.O./2019/CE .SECT Approved by ASSISTANT REGISTRAR II (ACADEMIC) on 10-Jan-2020 02:59 PM - Page 2